# 13

# പിശാചിനെ കൈകാര്യം ചെയ്യുമ്പോൾ ചെയ്യേണ്ടതും ചെയ്യരുതാത്തതും

## (4:15-31)

ഇതുവരെ നാം പിശാച് നമ്മെ നശിപ്പിക്കാൻ ശ്രമിക്കുമ്പോൾ സ്വീക രിക്കേണ്ട നാലു നിർദ്ദേശങ്ങൾ കാണുകയുണ്ടായി: (1) അതിശയിക്ക രുത്, (2) നിങ്ങളുടെ കൈകൾ കുടഞ്ഞുകളയരുത്, (3) പിശാചി ന്റെ നിയമത്താൽ അവനെ നേരിടരുത്, (4) നിങ്ങളെ കുറിച്ചു മറക്കുക. സഭയുടെ ആദ്യത്തെ ഉപദ്രവത്തെക്കുറിച്ചുള്ള പഠനം പൂർത്തിയാക്കു മ്പോൾ, നമ്മുടെ വേദഭാഗത്തുനിന്നും അഞ്ചു നിർദ്ദേശങ്ങൾ കൂടെ പഠിക്കുന്നതാണ്.

### പിശാച് സദുദ്ധേശത്തോടെ പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കരുത് (4:15-17)

പത്രൊസ് പ്രതിരോധിച്ചു കഴിഞ്ഞപ്പോൾ ന്യായാധിപസഭ നിശ ബ്ദമായി. ലജ്ജാവഹമായ നിശബ്ദതയെ ഭേദിച്ചുകൊണ്ട് ആരോ പറഞ്ഞു "രഹസ്യമായി തീരുമാനിക്കാൻ,[1] അവരോടു ന്യായാധിപസം ഘത്തിൽ നിന്നു പുറത്തുപോകുവാൻ കല്പിച്ചിട്ടു ആലോചിച്ചു" (വാക്യം 15).[2]

കുറ്റമില്ലാതിരുന്ന മശിഹയെ ക്രൂശീകരിച്ച പാപം എങ്ങനെ ഒഴി വാക്കാം എന്നായിരുന്നു അവർ ആലോചിക്കേണ്ടിയിരു*ന്നത്*. പത്രൊ സിന്റെ ആദ്യത്തെ കേൾവിക്കാർ ചോദിച്ചതു*പോലെ*, "ഞങ്ങൾ എന്തു ചെയ്യേണ്ടു?" എന്നവർക്കു ചോദിക്കാമായിരുന്നു (2:37). എങ്ങനെയാ യാലും, അവർ തെറ്റുവെച്ചുകൊണ്ടിരിക്കുവാൻ തന്നെ തീരുമാനിച്ചു. യേശുവിനെ അവർ മശിഹയാണെന്നു സമ്മതിച്ചാൽ, അവരെ മഹാ

പുരോഹിതസ്ഥാനത്തു നിന്നുമാറ്റും – അവർ ജോലിയില്ലാത്തവരും, അധികാരമില്ലാത്തവരുമായി തീരും! അവർക്കു പകരം, വേറെ മഹാ പുരോഹിതന്മാർ വരും. അവർക്കു അവരുടെ അഹങ്കാരം, ദുരഭിമാനം, ശക്തി അവരുടെ പ്രായോഗികത എന്നിവ വിട്ടുകളയാൻ അവർക്കു മനസില്ലായിരുന്നു. അവരുടെ അപരാധത്തിനു എന്തുചെയ്യണമെന്നു ചോദിക്കാതെ, "ഈ മനുഷ്യരെ എന്തു ചെയ്യേണ്ടു?" എന്നാണ്, അവർ ചോദിച്ചത് (വാക്യം 16).

അടച്ചവാതിലുകൾക്കുള്ളിൽ, അവർക്കു കാര്യം തുറന്നു പറയാം: "പ്രത്യക്ഷമായോരു അടയാളം അവർ [പത്രൊസും യോഹന്നാ നും] ചെയ്തിരുന്നു എന്നു യെരുശലേമിൽ പാർക്കുന്ന എല്ലാവർക്കും പ്രസിദ്ധമല്ലോ, *നിഷേധിപ്പാൻ നമുക്കു കഴിയില്ല*" (വാക്യം 16; എംഫസിസ്മൈൻ). ഇന്നു നടക്കുന്നു എന്നവകാശപ്പെടുന്ന അത്ഭുതങ്ങളിൽ നിന്നു വ്യത്യസ്തമായിരുന്നു, പുതിയനിയമത്തിൽ നടന്ന അത്ഭുതങ്ങൾ അവ ഉടനെ സംഭവിച്ചു, പൂർണ്ണമായിരുന്നു, സംശയാലുക്കൾക്കു – പോലും ബോധ്യമാകുന്നതായിരുന്നു![3]

ആ മനുഷ്യനു സൗഖ്യമായതു ന്യായാധിപസഭയിലുള്ളവർ *അറിഞ്ഞിരുന്നു*; അതുകൊണ്ടു, പത്രൊസിന്റേയും യോഹന്നാന്റേയും സാക്ഷ്യം സത്യമാണെന്നു അവർ*ക്കറിയാൻ* കഴിഞ്ഞു; അതുകൊണ്ടു, യേശു ഉയിർത്തെഴുന്നേറ്റു എന്നും അവർ *മനസിലാക്കി*. എന്നിട്ടും, അവരിൽ അവശേഷിച്ചത് "ഈ മനുഷ്യരെ നാം എന്തു ചെയ്യേണ്ടു എന്നാണ്?" ക്രിസ്ത്യാനിത്വം വളരുന്നതു എങ്ങനെ തടയാം എന്ന ചിന്തയിലായിരുന്നു അവർ (വാക്യം 17). ഇവിടെയാണ് കാപട്യം പുറത്തു വരുന്നതു! "ധാർമ്മികമായ കൂസലില്ലാത്ത അവർക്കു എങ്ങനെ മുഖത്തോടു മുഖം നോക്കാൻ കഴിഞ്ഞു, ഒരുപക്ഷേ അവർക്കു അതു ഇല്ലായിരിക്കും."[4]

"പ്രസിദ്ധമായ" ഒരത്ഭുതത്തിനുപോലും കഠിന ഹൃദയരുടെ അവസ്ഥക്കു മാറ്റം സംഭവിച്ചില്ല എന്നോർക്കുക. ഇന്ന്, പാപരോഗം നിറഞ്ഞ ലോകത്തിൽ, ആളുകളെ നാം ശരിക്കും മാറ്റി എടുക്കാൻ "അത്ഭുതങ്ങൾ" തന്നെ വേണ്ടിവരും എന്നു ചിലർ പറയാറുണ്ട്. അത്ഭുതം, എങ്ങനെയായാലും, ഒരിക്കലും "രക്ഷക്കുള്ള ദൈവശക്തിയായിരുന്നില്ല"; *സുവിശേഷമായിരുന്നു* രക്ഷക്കുള്ള ശക്തി (റോമർ 1:16)! നമുക്കു കൂടുതൽ "അത്ഭുതങ്ങൾ" അല്ല ആവശ്യം; കൂടുതൽ സുവിശേഷപ്രസംഗമാണ് ആവശ്യം!

ആ നിരപരാധികളെ എന്തു ചെയ്യണമെന്ന കൂടിയാലോചനയിൽ ന്യായാധിപസംഘം എത്ര സമയം ചെലവിട്ടു എന്നു നമുക്കറിഞ്ഞു കൂടാ. അവസാനം, ഒരാൾ നിർദ്ദേശിച്ചു: "പിന്നെ അവരെ വിളിച്ചിട്ടു യേശുവിന്റെ നാമത്തിൽ ആരോടും സംസാരിക്കരുത് എന്നു നാം അവരെ തർജ്ജനം ചെയ്യേണം എന്നു തീരുമാനിച്ചു" (വാക്യം 17). പത്രൊസും യോഹന്നാനും ധൈര്യത്തോടെയാണ് സംസാരിച്ചതെങ്കിലും, യെഹൂദപ്രമാണിമാർക്കു യേശുവിനെ പിടിച്ചപ്പോൾ അപ്പൊസ്തലന്മാർ ഭയന്നോടിയതുകൊണ്ടു അല്പം പ്രതീക്ഷയുണ്ടായിരുന്നു. അതുകൊണ്ടാണ്, അധികമായിട്ടില്ല യേശുവിനെപ്പിടിച്ചപ്പോൾ

അപ്പൊസ്തലന്മാർ ഭയന്ന് ഓടിയത്? അവർ ഒരിക്കൽകൂടെ, ഈ നാമത്തിൽ ''അശേഷം സംസാരിക്കരുത്'' എന്നു വിലക്കാമെന്നു വിചാരിച്ചത്.

"യാതൊരുത്തനോടും" എന്ന വാക്ക് അല്പസമയത്തേക്ക് ഒന്നു ചിന്തിക്കുക: "യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത് ഉപദേശിക്കയും അരുത് എന്നതായിരുന്നു" ന്യായാധിപസഭ പത്രൊസിനോടും യോഹന്നാനോടും കല്പിച്ചത് (വാക്യം 18; എംഫസിസ്മൈൻ). യേശുവിന്റെ നാമത്തിൽ ആരോടും ഒരു സമയത്തും പരസ്യമായോ രഹസ്യമായോ അശേഷം സംസാരിക്കരുത് എന്ന *പൂർണ്ണമായ വിലക്കാണ്* അവർ ഏർപ്പെടുത്തിയത്! അന്നു അപ്പൊസ്തലന്മാരും പ്രാരംഭക്രിസ്ത്യാനികളും അവരുടെ വാക്കു കേട്ടനുസരിച്ചിരുന്നുവെങ്കിൽ, യേശുവിന്റെ നാമം അവരിൽ കൂടെ ഭൂമിയിൽ കേൾക്കുമായിരുന്നില്ല!

നാം എതിർക്കാൻ തയ്യാറാക്കാം, "ഒരു നിമിഷം നില്ക്ക! അത്തരം കല്പന പുറപ്പെടുവിക്കാവാൻ ന്യായാധിപസഭയ്ക്ക് അധികാരമില്ല! പത്രൊസും യോഹന്നാനും ഒരു നിയമവും ലംഘിച്ചിട്ടില്ല അതുകൊണ്ടു ശിക്ഷക്കു അർഹരുമല്ല. ന്യായാധിപസഭ തീരുമാനിച്ചത് നന്നായില്ല!" ആര് പറഞ്ഞു പിശാച് നന്നായിരിക്കുമെന്ന്? വക്രതയുള്ള ആളുകളെ കൈകാര്യം ചെയ്യുന്നതിൽ ക്രിസ്ത്യാനികൾ വർഷങ്ങളായി, നിരാശയിലും കലക്കത്തിലും ആയിട്ടാണ് കണ്ടു വരുന്നത്. ഞാനിത് പറയുന്നത് കേട്ടിട്ടുണ്ട്: "എനിക്കിതു മനസിലാക്കുവാൻ പറ്റുന്നില്ല (അല്ലെങ്കിൽ അവനെ)!" അതു കേൾക്കുമ്പോൾ,ഞാൻ പൊതുവായി മറുപടി പറയും, "നിങ്ങൾ മനസിലാ*ക്കാത്തതിനാൽ* നിങ്ങളുടെ മനസു വക്രതയുള്ളതായി തീർന്നിട്ടില്ല എന്നതിൽ ഞാൻ സന്തോഷിക്കുന്നു എന്നു പറയും!"[5]

സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ, അവൻ നിങ്ങളോടു നന്നായി പ്രവർത്തിക്കാത്തതിൽ അതിശയിക്കരുത്. അതാണ് അവന്റെ സ്വാഭാവം. അവനിൽ നിന്നു വക്രത *പ്രതീക്ഷിക്കുക.* അവന്റെ മാതൃക അനുകരിക്കാതിരിക്കാൻ ശ്രദ്ധിക്കുക! (ഓർക്കുക: അവന്റെ നിയമങ്ങളാൽ ഒന്നും കൈകാര്യം ചെയ്യരുത്!)

### ഒരിഞ്ചുപോലും പിശാചിന്നു വിട്ടു കൊടുക്കരുത് (4:18-22)

ന്യായാധിപസഭ പത്രൊസിനേയും യോഹന്നാനേയും വിളിച്ചിട്ടു "യേശുവിന്റെ നാമത്തിൽ സംസാരിക്കയോ ഉപദേശിക്കയോ ചെയ്യരുത്, എന്നു കല്പിച്ചു" (വാക്യം 18). ആ സന്ദർഭത്തിന്റെ ഗാംഭീര്യത്തെ വില കുറച്ചുകാണരുത് ഈ തീരുമാനം ദേശത്തിന്റെ ഉയർന്ന കോടതിയുടേതാണ്. വളരെ ശക്തമായ നിയമനിർമ്മാണസഭയാണ് യിസ്രായേലിൽ നിയമങ്ങൾ ഉണ്ടാക്കുന്നത്: ഇപ്പോൾ യേശുവിന്റെ നാമത്തിൽ സംസാരിക്കുന്നതും ഉപദേശിക്കുന്നതും നിയമരഹിതമായി തീർന്നു!

ശ്രദ്ധിക്കേണ്ട കാര്യം കൂടി വരുന്നതു നിയമവിരുദ്ധമാകുകയില്ല ന്യായാധിപസംഘം ചെയ്തതു. പാട്ടു പാടുന്നതും പ്രാർത്ഥിക്കുന്നതും അവർ നിയമരഹിതമാക്കുന്നില്ല. സൽപ്രവൃത്തികൾ ചെയ്യുന്നതും

അവർ നിയമവിരുദ്ധമാക്കിയില്ല. യേശുവിന്റെ നാമത്തിൽ സംസാരിക്കുന്നതും ഉപദേശിക്കുന്നതും മാത്രമാണ് അവർ നിയമവിരുദ്ധമാക്കിയത്. പിശാചു ഭയപ്പെടുന്നതു സുവിശേഷമാണ്. നാം കൂടിവരുന്നതോ ധർമ്മകാര്യങ്ങൾ ചെയ്യുന്നതോ പിശാചിന്നു പ്രശ്നമല്ല (നാം യേശുവിന്റെ നാമത്തിനു ഊന്നൽ കൊടുക്കാതെന്തു ചെയ്താലും സാത്താനു കുഴപ്പമില്ല).[7] മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "പെരുവഴികളിലും വേലികൾക്കരികിലും പോയി" (ലൂക്കൊസ് 14:23), ആളുകളെ ക്രിസ്തുവിലേക്കു ക്ഷണിക്കുമ്പോൾ, സാത്താനു ഒട്ടും സഹിക്കയില്ല അവനു അറിയാം! ക്രൂശ് അവന്റെ പരാജയമായിരുന്നു എന്ന് (വെളിപ്പാട് 12:11)! നിർഭാഗ്യവശാൽ, അപ്പൊസ്തലന്മാരോട് യേശുവിന്റെ നാമത്തിൽ, "സംസാരിക്കയും ഉപദേശിക്കയും ചെയ്യ*രുതെ*ന്നു" കല്പിച്ചു. എന്നാൽ അവൻ നമ്മോട് യേശുവിന്റെ നാമത്തിൽ സംസാരിക്കയും ഉപദേശിക്കയും ചെയ്യുവാൻ കല്പിച്ചിരിക്കുന്നു!

വീണ്ടും ഞാൻ ചോദിക്കട്ടെ, അപ്പോസ്തലന്മാർ ന്യായാധിപസഭയുടെ കല്പന അനുസരിച്ചിരുന്നെങ്കിൽ? സഭാചരിത്രത്തിൽ അതെത്ര നിർണ്ണായക ഘട്ടമായി തീർന്നേനെ! തീ കത്തിച്ചശേഷം മഴ പെയ്തു തീ കെട്ടു. മഴക്കുശേഷം ആ തീ കത്തിക്കുവാൻ നിങ്ങളിൽ എത്ര പേർ ശ്രമിച്ചിട്ടുണ്ട്? ഒരു ചെറിയ തീ ജ്വാല കത്തുന്നതുവരെ. ചെറിയ ചുള്ളികളും, ഉണങ്ങിയ ഇലകളും മറ്റും ഇട്ടു ഊതിത്തുടങ്ങും. കുറേശെക്കുറേശെ കത്തിയശേഷം അതു പടർന്നു പിടിക്കും. ചെറിയ കാറ്റു വന്നാൽ പോലും, ചെറിയ ജ്വാലയെ കെടുത്താൻ കഴിയും – ആ സമയത്തു പത്രൊസും യോഹന്നാനും ന്യായാധിപസഭയുടെ മുൻപിൽ നില്ക്കുന്നു, സഭ ഈ സമയത്തു ചെറിയ ജ്വാലപോലെ മിന്നിക്കൊണ്ടിരിക്കയാണ്.[8] ആ കല്പന അപ്പൊസ്തലന്മാർ അന്ന് അനുസരിച്ചിരുന്നെങ്കിൽ, ലോക ചരിത്രം തന്നെ മാറുമായിരുന്നു![9]

പത്രൊസും യോഹന്നാനും സാത്താനു ഒരിഞ്ചു പോലും വിട്ടുകൊടുത്തില്ല! അപ്പൊസ്തലന്മാരുടെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ – അവരുടെ കല്പന അനുസരിച്ചില്ലെങ്കിലും – വായടക്കുന്നതാണ് ബുദ്ധി എന്നു വിചാരിച്ചേനെ, പക്ഷേ അപ്പൊസ്തലന്മാർ അങ്ങനെ വിചാരിച്ചില്ല. "നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് പത്രൊസും യോഹന്നാനും, '*ദൈവ*ത്തേക്കാൾ അധികം *നിങ്ങളെ* അനുസരിക്കുന്നതു ദൈവത്തിന്റെ മുമ്പാകെ, ന്യായമോ എന്നു വിധിപ്പിൻ' " (വാക്യം 19; എംഫസിസ്മൈൻ).

ഫലത്തിൽ അപ്പൊസ്തലന്മാർ പറഞ്ഞതു, "നിങ്ങൾ ദേശത്തി ന്റെ ന്യായാധിപന്മാരാണ്. നിങ്ങൾക്കു ഇതു പറയാൻ കാര്യമൊന്നുമില്ല: അതുകൊണ്ടു: ഞങ്ങൾ നിങ്ങളെ അനുസരിക്കണോ, അതോ ദൈവത്തെ അനുസരിക്കണോ?" അവരുടെ ഈ ചോദ്യം ന്യായാധിപസഭയെ കുഴക്കി.[10] ദേശത്തിന്റെ മതപ്രതിനിധികൾ എന്ന നിലയിൽ, അവർ പറ*യേണ്ട* ഉത്തരം, "ദൈവത്തെ അനുസരിക്കുന്നതാണ് പരമപ്രധാനം അതിനുശേഷമാണ് മറ്റെല്ലാം എന്നായിരുന്നു"; എന്നാൽ അധികാരവും ശക്തിയും ഉള്ള, ആ മനുഷ്യർ അപ്പൊസ്തലന്മാർക്കു നേട്ടമുണ്ടാകുന്ന രീതിയിൽ ഉത്തരം പറയുവാൻ കൂട്ടാക്കിയില്ല.

ന്യായാധിപസംഘത്തിന്റെ മറുപടി എന്താണെന്നു നോക്കാതെ, യോഹന്നാനും പത്രോസും ഒരു നടപടി ഒരുക്കി. "ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നതു," അവർ പറഞ്ഞു, ''പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല എന്നു ഉത്തരം പറഞ്ഞു'' (വാക്യം 20)! ഒരു സാക്ഷിയുടെ പ്രാഥമിക കടമയാണ് "കേട്ടതും കണ്ടതും" പറയുക എന്നത്! യേശു അവർക്കു കല്പന കൊടുത്തതു അവന്റെ സാക്ഷികൾ ആകുന്നതിനായിരുന്നു (1:8); അതുകൊണ്ടു അവർക്കു മറ്റൊരു തിരഞ്ഞെടുപ്പ് ഇല്ലായിരുന്നു! അപ്പൊസ്തലന്മാരോട് യേശുവിന്റെ നാമത്തിൽ സുവിശേഷം പറയരുത് എന്നു പറയുന്നത് സൂര്യനോട് ഉദിക്കരുത് എന്നു പറയുന്നതുപോലെയും, പക്ഷികളോട് പാടരുത് എന്നു പറയുന്നതുപോലെയും, സ്ത്രീകളോടു അവരുടെ മക്കളെ സ്നേഹിക്കരുത് എന്നു പറയുന്നതു പോലെയുമാണ്![11]

നമ്മൾ ആരും യേശുവിനോടുകൂടെ ഗലീല യെഹൂദ്യ എന്നീ പ്രദേശങ്ങളിലെ വീഥികളിൽ നടന്നിട്ടില്ല, എന്നാൽ നാം മത്തായി, മർക്കൊസ്, ലൂക്കോസ്, യോഹന്നാൻ എന്നീ പുസ്തകങ്ങളിൽ അവനുമായി സമയം ചെലവിട്ടിട്ടുണ്ടല്ലോ.[12] കൂടുതലായി, അവൻ നമ്മുടെ കൂടെ, നമ്മെ ശക്തീകരിക്കയും, ജീവിതത്തിൽ സഹായിക്കയും ചെയ്യുന്നുണ്ട്. അപ്പൊസ്തലന്മാരെപ്പോലെ, നാമും പറയണം, ''ഞങ്ങൾക്കു *തീർച്ചയായും* യേശുക്രിസ്തുവിനെ കുറിച്ചു മറ്റുള്ളവരോടു പറയണം. സുവിശേഷം *സംസാരിക്കാതിരിക്കാനും* ഉപദേശിക്കാതിരിക്കാനും ഞങ്ങൾക്കു കഴിയുന്നതല്ല!"

"അവർ പിന്നെയും തർജ്ജനം അവരെ ചെയ്തു,[13] വിട്ടയച്ചു ..." (വാക്യം 21). അവർ ഭീഷണിപ്പെടുത്തിയതു വെറുമൊരു ഭീഷണിയായിരുന്നില്ല. പിന്നെ കുറച്ചു കഴിഞ്ഞു, അപ്പൊസ്തലന്മാരെ പിടിച്ചു അടിച്ചു (5:17–40). വേഗത്തിൽ തന്നെ, സ്തെഫാനൊസിനെ അവർ കൊന്നു (6:8–7:60).

> ... സംഭവിച്ച കാര്യം കൊണ്ട് എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തുകയാൽ അവരെ ശിക്ഷിക്കുന്നതിനു ജനം,[15] (നിമിത്തം വഴി ഒന്നും കാണായ്ക കൊണ്ടു)[14]; അവർ പിന്നെയും തർജനം ചെയ്തു അവരെ വിട്ടയച്ചു. ഈ കാരണത്താൽ സൗഖ്യം പ്രാപിച്ച മനുഷ്യൻ നാൽപ്പതിൽ അധികം വയസ്സുള്ളവനായിരുന്നു[16] (വാക്യം 21, 22).

ജനങ്ങളുടെ കണ്ണുകളിൽ, ആ രണ്ടു അപ്പൊസ്തലന്മാർ പ്രത്യേകതയുള്ള ദൈവദാസന്മാരായിരുന്നു, അതുകൊണ്ടു ന്യായാധിപസംഘത്തിനു അവരെ ശിക്ഷിക്കാൻ ധൈര്യമുണ്ടായിട്ടില്ല.[17]

### ശക്തിയുടെ ഉറവിടങ്ങളുമായി അടുത്തിരിക്കുക (4:23-27)

23 മുതൽ 31 വരെയുള്ള വാക്യങ്ങളിൽ, അപ്പൊസ്തലന്മാർക്കു ലഭിച്ച ശക്തിയുടെ ഉറവിടങ്ങൾ കാണാം. ഇന്നു പലപ്പോഴും നാം ശമ്പളത്തിനു നിയോഗിച്ച ഉപദേഷ്ടാവിനേയും ജോലിക്കാരേയും, ചർച്ച് ബിൽഡിങ്ങിലും പ്രോഗ്രാമുകളിലും, ബൈബിൾ കോളേജുകളിലും,

ക്രിസ്തീയ സർവ്വകലാശാലയിലും ആശ്രയിച്ചു പോകാറുണ്ട്.[18] പ്രാരംഭ സഭയ്ക്കു ഇവയൊന്നും ഉണ്ടായിരുന്നില്ല. എന്താണ് ക്രിസ്ത്യാനികൾക്കുണ്ടായിരുന്നത്? അവർക്കു അന്യോന്യവും ദൈവത്തോടും ശക്തമായ ഒരു ബന്ധം ഉണ്ടായിരുന്നു!

ന്യായാധിപസംഘം പത്രൊസിനെയും യോഹന്നാനെയും വിട്ടയച്ചപ്പോൾ, അപ്പൊസ്തലന്മാർ ഉടനെ ക്രിസ്തുവിലുള്ള സഹോദരങ്ങളെ അന്വേഷിച്ചു. "വിട്ടയച്ചശേഷം, അവർ കൂട്ടാളികളുടെ അടുക്കൽ ചെന്നു, മഹാപുരോഹിതന്മാരും മൂപ്പന്മാരും തങ്ങളോടു പറഞ്ഞതു എല്ലാം അറിയിച്ചു" (വാക്യം 23). KJV പറയുന്നതു "അവരുടെ സ്വന്തം കൂട്ടാളികളുടെ അടുക്കൽ പോയി എന്നാണ്." NJV പറയുന്നതു "അവരുടെ സ്വന്തം ആളുകളുടെ അടുക്കൽ എന്നാണ്."[19] മൂലഭാഷയിൽ പറഞ്ഞിരിക്കുന്നതു "അവരുടേത്" എന്നു മാത്രമാണ്; വ്യത്യസ്ത തർജ്ജിമകൾ താഴെ പറയുന്ന വാക്കുകൾ ചേർത്തിരിക്കുന്നു. പത്രൊസും യോഹന്നാനും പോയതു മറ്റു *അപ്പൊസ്തലന്മാരുടെ* അടുക്കലായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു: (1) ഈ സമയം വരെ, ഉപദേശിക്കയും പ്രസംഗിക്കയും ചെയ്തിരുന്നതു അപ്പൊസ്തലന്മാരായിരുന്നു എന്നു നാം വായിക്കുന്നു, അതുകൊണ്ടു ന്യായാധിപസംഘത്തിന്റെ ഭീഷണി നേരിട്ടു അവരെ ബാധിച്ചിരുന്നു. (2) സംസാരിക്കുവാൻ ശക്തിക്കും ധൈര്യത്തിനും വേണ്ടി ഈ സമയം വരെ പ്രാർത്ഥിക്കുന്നതു (4:29, 30), ഇതു (ഈ സംഭവത്തിൽ) ഏറ്റവും കൂടുതൽ ബാധിക്കുന്നതു അപ്പൊസ്തലന്മാരെയാണ്. (3) പ്രാർത്ഥിച്ചുകൊണ്ടിരുന്നവർ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞു, ഇരുന്ന സ്ഥലം കുലുങ്ങി (4:31); ഉടനെ, അപ്പൊസ്തലന്മാർക്കു ശക്തി ലഭിച്ചു (4:33; 5:12). (4) ന്യായാധിപസംഘത്തിന്റെ ആജ്ഞലംഘിച്ചതിനു ചിലരെ പിടിച്ചു (5:28), പിടിച്ചതു അപ്പൊസ്തലന്മാരെ ആയിരുന്നു (5:18).

സാത്താൻ പ്രയാസം വരുത്തുമ്പോൾ അതിനെ മാറ്റുവാൻ കഴിവുള്ളവരോടൊപ്പമായിരുന്നു പത്രൊസും യോഹന്നാനും പോയിരുന്നതു "അവരുടെ സ്വന്തം കൂട്ടാളികൾ" എന്ന പദ പ്രയോഗം, എന്തായിരുന്നു എങ്കിലും യേശുവിനു സ്നേഹിതന്മാർ ആവശ്യമായിരുന്നു, അതുകൊണ്ടു അപ്പൊസ്തലന്മാർക്കും വേണമായിരുന്നു, അതുപോലെ നമുക്കും സ്നേഹിതന്മാർ വേണം. അതാണ് ദൈവം, സഭ സ്ഥാപിക്കുവാനുള്ള ഒരു കാരണം. സമർപ്പിക്കപ്പെട്ടവരുമായി നാം ശക്തിസംഭരിക്കണമെന്നാണ് ദൈവഹിതം. നിങ്ങൾ പിശാചിന്റെ തന്ത്രങ്ങളെ അതിജീവിക്കാൻ തയ്യാറെടുക്കുന്നുവെങ്കിൽ, ക്രിസ്തുവിലുള്ള സഹോദരങ്ങളുമായി ചേർന്നു ശക്തി സംഭരിക്കുക!

"എനിക്കു മറ്റാരും വേണ്ട. എനിക്കു എന്റെ കാര്യം നോക്കാ നറിയാം!" എന്നു ചിലർ അഹങ്കാരത്തോടെ, പറഞ്ഞേക്കാം. അവർക്കു സഹോദരന്മാരും സഹോദരിമാരും ആവശ്യമില്ലെങ്കിൽ, പിന്നെ അവരെക്കുറിച്ചു പൊങ്ങച്ചം പറയുന്നതെന്താണ്. അതു ഒരുപക്ഷേ നിങ്ങളുടെ ജീവിതശൈലിയനുസരിച്ചു നിങ്ങളുടെ പ്രോത്സാഹനം ഒന്നും ആവശ്യമില്ലായിരിക്കാം! കർത്താവിനായി നിങ്ങൾ തീജ്വാലയായി തീരുന്നുവെങ്കിൽ, സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തും,

അപ്പോൾ പത്രോസിനേയും യോഹന്നാനേയും പോലെ, സഹപ്രവർത്തകരുടെ അടുക്കൽ കൂട്ടായ്മക്കായി എത്തും!

24-ാം വാക്യം നോക്കിയാൽ, പത്രോസിനും യോഹന്നാനും ശക്തിയുടെ വേറൊരു ഉറവിടം ലഭിച്ചതായി കാണാം. അപ്പൊസ്തലന്മാർ നമ്മെപ്പോലെ ആയിരുന്നെങ്കിൽ, 24-ാം ഇങ്ങനെയായിരിക്കാം തുടങ്ങുക, "അവർ ഇതു കേട്ടിട്ടു, കടുത്ത നിരാശയിലായി പറഞ്ഞു, 'കാര്യങ്ങൾ നന്നായി എന്നു ഞങ്ങൾക്കറിയാമായിരുന്നു. അതു വാസ് തവം തന്നെ ആയിരുന്നു!'" അല്ലെങ്കിൽ "അവർ ഇതു കേട്ടിട്ടു, കോപിച്ചു, ന്യായാധിപസംഘത്തിന്റെ വെളിയിലേക്കു പാഞ്ഞു പ്രതിഷേധത്തിനായി ചെന്നു!" അതുമല്ലെങ്കിൽ "അവരുടെ ശക്തിക്കും അധികാരത്തിനും എതിരെ സംഘം ചേർന്നു മുറവിളികൂട്ടും!" എന്നാൽ ഇതിനെല്ലാം പകരമായി, "ഇതു കേട്ടിട്ടു, അവർ ഒരുമനപ്പെട്ടു ദൈവത്തോടു നിലവിളിച്ചു പറഞ്ഞതു[20] ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ നാഥനേ.[21] ..." (വാക്യം 24) അപ്പൊസ്തലന്മാർ അവരുടെ ശക്തിയുടെ മഹത്തായ ഉറവിടമായ: ദൈവത്തിലേക്കു തിരിഞ്ഞു.

സാത്താൻ നമുക്കു പ്രയാസം വരുത്തുമ്പോൾ, നാം നമ്മുടെ സഹോദരങ്ങളുമായി അടുത്ത കൂട്ടായ്മ ആചരിക്കുന്നതോടൊപ്പം, ദൈവത്തോടും അടുത്ത ബന്ധം പുലർത്തണം! "പ്രാർത്ഥന ഉത്തരവാദിത്വത്തിൽ നിന്നു നമ്മെ മാറ്റി നിർത്തുന്നില്ല; ദൈവത്തിന്റെ *കഴിവിനോടുള്ള* നമ്മുടെ *പ്രതികരണമാണത്*."[22]

പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന രണ്ടാമത്തെ പ്രാർത്ഥനയാണ്, 24 മുതൽ 30 വരെയുള്ള വാക്യങ്ങളിലുള്ളത്. മുൻപു കണ്ട പ്രാർത്ഥന (യൂദായ്ക്കു പകരക്കാരനെ എടുക്കുമ്പോൾ) ഊന്നൽ കൊടുത്തത് "ഹൃദയങ്ങളെ അറിയുന്ന ദൈവം എന്നാണ്" (1:24). ഈ പ്രാർത്ഥനയിൽ ഊന്നൽ കൊടുക്കുന്നതു ദൈവത്തിന്റെ പരമാധികാരത്തെയാണ്.[23] അതു തുടങ്ങിയതു, "കർത്താവേ, ആകാശവും ഭൂമിയും സമുദ്രവും അതിലുള്ള സകലത്തേയും, ഉണ്ടാക്കിയ നാഥനേ എന്നാണ്[24]" (വാക്യം 24). സാധാരണ "കർത്താവേ" എന്ന വാക്കിനുള്ള "കർത്താവ്" (*കുറിയോസ്*) ഗ്രീക്കു വാക്കല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, എന്നാൽ മറിച്ച് ''പൂർണ്ണാധികാരി'' (*ഡെസ്പൊട്ടെസ്*), ശരിയായ ശക്തിയാണ്![25] അനവധി തർജ്ജിമകളിൽ "പരമോന്നത കർത്താവേ" എന്നാണ്.[26] സർവ്വശക്തനും സർവ്വത്തെയും (ന്യായാധിപസംഘത്തെയും) ഉണ്ടാക്കിയവനും എല്ലാം നിയന്ത്രിക്കുന്നവനും (ന്യായാധിപസംഘത്തെ അടക്കം) ആയ ദൈവത്തോടാണ് അവർ പ്രാർത്ഥിച്ചത്!

അപ്പൊസ്തലന്മാർ അഭിമുഖീകരിച്ച ഈ പ്രത്യേക സാഹചര്യത്തിൽ ദൈവത്തിന്റെ നിയന്ത്രണത്തെ ഊന്നൽ കൊടുത്തു അടുത്ത നാലു വാക്യങ്ങളിൽ പറയുന്നു. ആദ്യം, തിരുവെഴുത്തുമായി അപേക്ഷിക്കുന്നു:[27]

ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായതും നിരൂപിക്കു

ന്നതും എന്തു? ഭൂമിയിലെ രാജാക്കന്മാർ അണിനിരക്കുകയും അധിപതികൾ കർത്താവിനു വിരോധമായും അവന്റെ അഭിഷിക്ത നു വിരോധമായും ഒന്നിച്ചു കൂടുകയും ചെയ്തുമിരിക്കുന്നു എന്നു നിന്റെ ദാസനായ, ദാവീദ്[29] മുഖാന്തരം പരിശുദ്ധാത്മാവിനാൽ അരുളിച്ചെയ്തവനേ (വാക്യം 25, 26).[30]

സഹോദരങ്ങളോടും ദൈവത്തോടും മാത്രമായിരുന്നില്ല അപ്പോസ്തലന്മാർ അടുത്തബന്ധത്തിലായിരുന്നത്; തിരുവചനവുമായും അവർ അടുത്ത ബന്ധത്തിലായിരുന്നു! അവർക്കു പഴയനിയമം *വായിക്കാൻ* കഴിഞ്ഞിരുന്നില്ല (സാധാരണ ജനങ്ങൾക്കു സ്വന്തമായി തിരുവെഴുത്തിന്റെ പകർപ്പുണ്ടായിരുന്നില്ല); അവർ *മനഃപ്പാഠമാക്കിയിരുന്നു.* നിങ്ങൾക്കു പിശാചിനോടു പോരാടുവാനുള്ള, മറ്റൊരു സുപ്രധാന ശക്തിയുടെ ഉറവിടം ദൈവത്തിന്റെ വചനമാണ്! അതു വായിക്കുക; പഠിക്കുക; മനഃപ്പാഠമാക്കുക!

ഉദ്ധരണി സങ്കീർത്തനം രണ്ടിൽനിന്നായിരുന്നു, ആദ്യത്തേതു ഉത്തമ സങ്കീർത്തനങ്ങളിൽ നിന്നായിരുന്നു.[31] രാജാക്കന്മാർ തമ്മിൽ നിലനിന്ന ആഭ്യന്തര കലക്കമായിരുന്നു ആ വാക്കുകൾ സൂചിപ്പിച്ചത്. ചുറ്റുമുള്ള ദേശക്കാർ അതിക്രമിച്ചു കീഴ്പ്പെടുത്തുവാനുള്ള അവസരമായി കണ്ടു.[32] സങ്കീർത്തനക്കാരൻ പ്രസ്താവിച്ചതു അവരുടെ ശ്രമം “യഹോവക്കും,[33] ക്രിസ്തുവിനും എതിരായിരുന്നു” എന്നാണ്. അതിനാൽ “നിഷ്ഫലമാകുമെന്നും” അറിയിച്ചിരുന്നു. വാസ്തവത്തിൽ, “അവന്റെ ക്രിസ്തു [അഭിഷിക്തൻ]” എന്നതു യിസ്രായേൽ രാജാവിനെ സൂചിപ്പിക്കുന്നു (1 ശമുവേൽ 26:9), എന്നാൽ സങ്കീർത്തനത്തിൽ “അഭിഷിക്തനെ” കുറിച്ചു പറഞ്ഞ എല്ലാ കാര്യങ്ങളും നിവർത്തിപ്പാൻ ഒരു മനുഷ്യരാജാവിനും കഴിഞ്ഞില്ല. അങ്ങനെ സങ്കീർത്തനം 2 വരുവാനുള്ള മശിഹയെ കുറിച്ചുള്ള സങ്കീർത്തനമായി യെഹൂദന്മാർ മനസിലാക്കി.

യേശുവിനു സംഭവിച്ചതിന്റെ തികച്ചും മുൻനിഴലായിരുന്നു സങ്കീർത്തനം 2: “നീ അഭിഷേകം ചെയ്ത യേശു എന്ന നിന്റെ പരിശുദ്ധദാസന്നു[34] വിരോധമായി ഹെരോദാവും പൊന്തിയൊസ് പീലാത്തോസും, ജാതികളും യിസ്രായേൽ ജനവുമായി,[35] ഈ നഗരത്തിൽ ഒന്നിച്ചുകൂടി” (വാക്യം 27). നാലുകൂട്ടം ആളുകൾ അഭിഷിക്തനെതിരെ തിരിയും എന്നാണ് ദാവീദ് പറഞ്ഞതു: രാജാക്കന്മാർ, പ്രമാണിമാർ, ജാതികൾ, ‘‘ജനങ്ങൾ’’ എന്നിവരാണവർ. ഈ നാലു കൂട്ടവും അവരുടെ ശക്തി ഒന്നിച്ചു യേശുവിനു എതിരായി നീക്കി: ഹെരോദാവ് രാജാവും, പീലാത്തോസ് നാടുവാഴിയും, ജാതികളായിരുന്ന (റോമാ) പടയാളികളും, യിസ്രായേൽ ജനവും ചേർന്നു പ്രവർത്തിച്ചു![36]

### ദൈവത്തിൽ ആശ്രയിക്കുക (4:28-30)

അപ്പൊസ്തലന്മാർ ദൈവത്തിൽ വിശ്വാസമർപ്പിച്ചതിന്റെ ഊന്നലാണ്, അവരുടെ പ്രാർത്ഥനയുടെ അവസാനഭാഗത്തുള്ളത്. സകലത്തേയും പൂർണ്ണമായും നിയന്ത്രിക്കുന്നതു ദൈവമാണെന്നു അ വർ

വിശ്വസിച്ചു. "ആ നാലു കൂട്ടവും ഒന്നിച്ചു കൂടിയതു ദൈവം മുൻ നിശ്ചയിച്ചതു പ്രവർത്തിക്കുവാനായിരുന്നു" (എംഫസിസ്മൈൻ). ചകന്ധ പറയുന്നതു നിന്റെ ശക്തിയും "നിന്റെ ഇഷ്ടവും മുൻകൂട്ടി നിശ്ചയിച്ചതു നടപ്പാക്കുവാനാണ് അവർകൂടി വന്നതു" എന്നാണ്. ഓരോ സംഭവവും ദൈവത്തിന്റെ പ്ലാനും പദ്ധതിയുമായിരുന്നു! ("ദൈവം അവരെക്കൊണ്ടു നിർബന്ധിച്ചു ചെയ്യിച്ചതല്ല, പിന്നെയോ അവർ സ്വതന്ത്രമായി തീരുമാനിച്ചു ദൈവത്തിന്റെ രക്ഷാപദ്ധതി നടപ്പാക്കിയതാണ്."[37]) വേറൊരു രീതിയിൽ പറഞ്ഞാൽ, ഇപ്പോൾ തുടങ്ങിയ ഉപദ്രവം, ദൈവത്തിന്റെ നിയന്ത്രണം വിട്ടു പോയി എന്നല്ല തെളിയിക്കുന്നത്. മറിച്ച്, എല്ലാം സംഭവിച്ചതു ദൈവമാണ് ഇവയെല്ലാം നിയന്ത്രിക്കുന്നതു എന്നാണ്![38] സാത്താൻ നമുക്കു പ്രയാസം വരുത്തുമ്പോൾ, സകലനിയന്ത്രണവും നമ്മിൽ നിന്നു പോയി എന്നു തോന്നുമ്പോൾ ഓർക്കേണ്ടതു, നാം ആരാധിക്കുന്ന ദൈവം എല്ലാം നിയന്ത്രിക്കുവാൻ കഴിവുള്ളവനാണ് – എന്നും അവൻ തിന്മയിൽ നിന്നു നന്മയാക്കി മാറ്റുവാൻ ശക്തനാണ് എന്നുമത്രെ (റോമർ 8:28)!

29 ഉം 30 ഉം വാക്യങ്ങളിൽ, അപ്പൊസ്തലന്മാരുടെ അപേക്ഷകാണാം. ഈ പ്രാർത്ഥനാഭാഗത്തു ഞാൻ എത്തിയപ്പോൾ, അവിടെ അല്പം നിർത്തി: "ഞാനായിരുന്നു അപ്പൊസ്തലന്മാർ എങ്കിൽ ദൈവം എല്ലാവരേയും നിയന്ത്രിക്കുമെന്നറിഞ്ഞു, ഞാൻ ചോദിക്കുമായിരുന്നു?"[39] ക്രിസ്തുവിന്റെ ശത്രുക്കളെ എല്ലാം ശിക്ഷിക്കേണമേ എന്നായിരിക്കും എന്റെ പ്രാർത്ഥന. ഉപദ്രവം നിർത്തേണ്ടതിനും അപേക്ഷിക്കും. ചുരുങ്ങിയതു ദൈവം എന്നെ സംരക്ഷിക്കേണമേ എന്നു അപേക്ഷിച്ചിരിക്കും. പക്ഷെ അപ്പൊസ്തലന്മാർ ഇവ ഒന്നും ദൈവത്തോട് അപേക്ഷിച്ചില്ല. മറിച്ച്, അവർ ചോദിച്ചു:

> ഇപ്പോഴോ, കർത്താവേ അവരുടെ ഭീഷണികളെ നോക്കേണമേ,[40] സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുന്നതിനാലും[41] നിന്റെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമത്താൽ അത്ഭുതങ്ങളും അടയാളങ്ങളും ഉണ്ടാക്കുന്നതിനാലും [ധൈര്യം (KJV, NIV)] നിന്റെ വചനം പൂർണ്ണധൈര്യത്തോടുകൂടെ പ്രസ്താവിപ്പാൻ, നിന്റെ ദാസന്മാർക്കു കൃപ നല്കേണമേ (വാക്യം 29, 30).

ന്യായാധിപസഭയെകുറിച്ചു, അവർ ആവശ്യപ്പെട്ടതു, "കർത്താവേ, അവരുടെ ഭീഷണി നോക്കേണമേ എന്നാണ്." അല്ലെങ്കിൽ, "അവർ ഈ പ്രശ്നം കർത്താവിന്റെ കരങ്ങളിൽ ഏല്പിക്കയായിരുന്നു എന്നു പറയാം. ഈ മനുഷ്യർ എന്തു ചെയ്തു എന്നു ശ്രദ്ധിക്കുക – അപ്രകാരം ശ്രദ്ധിച്ചു ചെയ്യുവാൻ നിങ്ങൾക്കു താല്പര്യം ജനിക്കട്ടെ."

സാത്താൻ നമുക്കു പ്രയാസം വരുത്തുമ്പോൾ, നാം പ്രതികാരാത്മാവിനാൽ വിദ്വേഷം വളർത്തരുത്. പൗലോസ് എഴുതി, "എല്ലാ കയ്പും കോപവും ക്രോധവും കുറ്റാരവും ദൂഷണവും സകലദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞു പോകട്ടെ" (എഫെസ്യർ 4:31). വീണ്ടും, അവൻ എഴുതി:

> നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ, ദൈവകോപത്തിനു ഇടം കൊടുപ്പിൻ, "പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും" എന്നും, കർത്താവു അരുളിച്ചെയ്യുന്നു. "എന്നാൽ നിന്റെ ശത്രു വിന്നു വിശക്കുന്നു എങ്കിൽ, അവന്നു തിന്മാൻ കൊടുക്ക, ദാഹി ക്കുന്നു എങ്കിൽ, കുടിപ്പാൻ കൊടുക്ക; ..." അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും എന്നു എഴുതിയിരി ക്കുന്നുവല്ലോ, തിന്മയോടു തോല്ക്കാതെ, നന്മയാൽ തിന്മയെ ജയിക്കുക (റോമർ 12:19–21).

നിങ്ങൾ ആഴത്തിൽ മുറിപ്പെട്ടിരിക്കുന്നുവെങ്കിൽ, കർത്താവേ സംഭ വിച്ചിരിക്കുന്നതു "കാണേണമേ" എന്നായിരിക്കണം പറയേണ്ടതു. പിന്നെ അതു ദൈവകരങ്ങളിൽ ഏല്പിച്ചു, നിങ്ങളുടെ കാര്യം നോക്കുക!

ന്യായാധിപസംഘം എന്തു ചെയ്തു എന്നതിനെക്കുറിച്ചായിരുന്നില്ല ചിന്ത – അല്ലെങ്കിൽ അവർ അപ്പൊസ്തലന്മാരെ എന്തു ചെയ് തേക്കാം എന്നുമായിരുന്നില്ല – എന്നാൽ ഈ വെല്ലുവിളിയിൽ അവർ തുല്യരാ കുമോ എന്നായിരുന്നു. അവർ നേരിടുന്ന കഷ്ടത ഒഴിഞ്ഞു പോക ണമെന്നല്ല ദൈവത്തോട് ആവശ്യപ്പെട്ടത്, പിന്നെയോ സേവനത്തിനു അവരെ ശക്തരാക്കുന്നതിനായിരുന്നു. അവരെ ഭീഷണിപ്പെടുത്താതി രിക്കേണ്ടതിനാണ് കർത്താവിനോട് ആവശ്യപ്പെട്ടത്! എല്ലാറ്റിലുമുപരി, അവർ വചനം ധൈര്യത്തോടെ പ്രസ്താവിക്കുന്നതിനും ദൈവേഷ്ടം ശക്തിയോടെ ചെയ്യേണ്ടതിന്നും അവർ ആഗ്രഹിച്ചു!

## നിങ്ങൾക്ക് ആവശ്യമുള്ള ശക്തി ദൈവം തരുമെന്നു വിശ്വസിക്കുക (4:31)

ഊഹിക്കാൻ കഴിയുന്നതിനേക്കാൾ വേഗത്തിൽ അവർക്കു ഉത്തരം ലഭിച്ചു! "ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ, അവർ കൂടിയിരുന്ന സ്ഥലം കുലു ങ്ങി[42] എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി, ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു" (വാക്യം 31). അത് "മറ്റൊരു പെന്തെ കൊസ്തു" ആയിരുന്നില്ല.[43] പിന്നെയോ, ദൈവം അവരോടു കൂടെയു ണ്ടെന്നു പ്രത്യേകരീതിയിൽ പ്രകടമാക്കി – പിന്നീട് ഒരു കാരാഗൃഹ ത്തിന്റെ അടിസ്ഥാനം ഇതേ പോലെ കുലുങ്ങുന്നുണ്ട് (പ്രവൃത്തി 16). "പരിശുദ്ധാത്മാവു നിറഞ്ഞവരായി" എന്നതു ഒരുപക്ഷേ 8-ാം വാക്യ ത്തിൽ സംഭവിച്ചതുപോലെ ആകാം.[44] 8-ാം വാക്യത്തിൽ, "പത്രൊസ്, പരിശുദ്ധാത്മാവുനിറഞ്ഞവനായി," ന്യായാധിപസംഘത്തോടു സംസാ രിച്ചു. ഇപ്പോൾ "അവർ [അപ്പൊസ്തലന്മാർ] പരിശുദ്ധാത്മാവു നിറ ഞ്ഞവരായി [പത്രൊസ് ചെയ്തതുപോലെ], ദൈവവചനം ധൈര്യ ത്തോടെ പ്രസ്താവിച്ചു [പത്രൊസ് ചെയ്തതുപോലെ വാക്യം 13]." ന്യായാധിപസംഘം *രണ്ടു*പേരോടാണ് യേശുവിന്റെ നാമത്തിൽ സംസാ രിക്കരുത് എന്നു പറഞ്ഞത്. രണ്ടു പേരെ നിയന്ത്രിക്കാൻ അവർ എടുത്ത ഭീഷണിയുടെ ഫലമായി, ഇപ്പോൾ *പന്ത്രണ്ടു* പേർ സൗഖ്യമാ ക്കയും ധൈര്യത്തോടെ യേശുവിന്റെ നാമത്തിൽ സംസാരിക്കയും

ചെയ്യുന്നു! "അപ്പൊസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന്നു സാക്ഷ്യം പറഞ്ഞുവന്നു, ..." (4:33); "അപ്പൊസ്തലന്മാരുടെ കയ്യാൽ ജനത്തിന്റെ ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും നടന്നു" (5:12)!

യേശു അപ്പൊസ്തലന്മാർക്കു നല്കിയ അതേ വാഗ്ദാനങ്ങൾ അല്ല നമുക്കു നല്കിയിരിക്കുന്നത്. ഭൗതികമായി നാം ഇന്നിരിക്കുന്ന കെട്ടിടം കുലുക്കുകയില്ല, ദൈവശ്വാസിയമായി സംസാരിക്കാൻ നമ്മെ അവൻ പ്രാപ്തരാക്കയുമില്ല. അതിനർത്ഥം,എങ്കിലും, ദൈവം നമ്മെ ശക്തിയില്ലാത്തവരായി വിട്ടിരിക്കുന്നു എന്നുമല്ല. അവൻ നമ്മോടു കൂടെ ഇരിക്കുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (എബ്രായർ 13:5, 6). അവൻ സഹായത്തിനു തന്റെ ആത്മാവിനെ നമ്മിൽ തന്നിട്ടുണ്ട് (പ്രവൃത്തി 2:38). "നമ്മിൽ പ്രവർത്തിക്കുന്ന ശക്തിയും" നമ്മിൽ തന്നിട്ടുണ്ട് (എഫെസ്യർ 3:20). പരീക്ഷണം വരുമ്പോൾ, അവൻ അതിനു "പോക്കുവഴിയും" ഒരുക്കും (1 കൊരിന്ത്യർ 10:13). അവൻ ചർച്ച് ബിൽഡിങ്ങ് ഇന്നു കുലുക്കുകയില്ല, പക്ഷെ അവനു സഭയെ ഇളക്കുവാൻ കഴിയും![45] അങ്ങനെ, നമുക്കും, ദൈവവചനം ധൈര്യത്തോടെ പ്രസ്താവിക്കാൻ കഴിയും!

**ഉപസംഹാരം**

പിശാച് അപ്പൊസ്തലന്മാരെ നിശബ്ദരാക്കാൻ ശ്രമിച്ചു, പക്ഷെ പരാജയപ്പെട്ടു. പിശാച് എല്ലാ രീതിയിലും നമ്മെ നിശബ്ദരാക്കാൻ ശ്രമിക്കും. എങ്കിലും, വേദഭാഗത്തു നിന്നു നാം കണ്ട നിർദ്ദേശങ്ങൾ എടുത്തു ദൈവത്തോട് അടുത്തിരുന്നാൽ, പിശാച് നമ്മോടു പരാജയപ്പെടും! "ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ. പിശാചിനോട് എതിർത്തുനില്പിൻ എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും" (യാക്കോബ് 4:7).

തീർച്ചയായും, പിശാച് അത്ര എളുപ്പത്തിൽ ഓടുകയില്ല. 5–ാം അദ്ധ്യായത്തിൽ പിശാച് വീണ്ടും സഭയെ ഉപദ്രവിക്കുന്നതു കാണാം – പുറത്തുനിന്നും അകത്തു നിന്നും. നിങ്ങളെയും, അത്ര എളുപ്പത്തിൽ വിട്ടു പോകയില്ല. വീണ്ടും യാക്കോബ് 4:7 നോക്കുക: "പിശാചിനോടു എതിർത്തു നില്ക്കുവാൻ," *ആദ്യം* "ദൈവത്തിനു ... കീഴ്പ്പെടണം." നിങ്ങളുടെ സ്വന്തകഴിവുകൊണ്ടു സാത്താനെ നേരിടാൻ നോക്കണ്ട; നിങ്ങൾക്കു ദൈവസഹായം ആവശ്യമാണ്! നിങ്ങളുടെ ജീവിതം കർത്താവിന്നു കീഴ്പ്പെടുത്തിയില്ലെങ്കിൽ, ഉടനെ അതു ചെയ്യുക!

---

കുറിപ്പുകൾ

[1]ഇവിടെ ഗ്രീക്കു "സാൻഹദ്രൻ," എന്നതിനു NIV തർജ്ജിമ ചെയ്തിട്ടുണ്ട്. വാക്യം ന്യായാധിപ *സംഘത്തോടു* നിർദ്ദേശിക്കുന്നു. [2]ഈ അടച്ചമുറിയിലെ സംഭാഷണം ലൂക്കോസ് എങ്ങനെ മനസ്സിലാക്കി എന്നു വ്യാഖ്യാതാക്കൾ അതിശയിക്കുന്നു. ചിലർ വിചാരിക്കുന്നതു പൗലോസ് ഗമാലിയേൽ

(പൗലോസിന്റെ അദ്ധ്യാപകൻ) സന്നിഹിതനായതുകൊണ്ട് പൗലോസ് പറഞ്ഞതിൽ നിന്നു മനസ്സിലാക്കിയതാണെന്നു കരുതുന്നു. വേറെ ചിലർ പറയുന്നതു അതിലുണ്ടായിരുന്ന ചില പുരോഹിതന്മാർ പിന്നെ പരിവർത്തനം ചെയ്തു എന്നാണ് (6:7) അല്ലെങ്കിൽ പരീശന്മാർ പറയുന്നതു അവരിലുണ്ടായിരുന്ന ചില പുരോഹിതന്മാരിൽ ചിലർ പരിവർത്തനം ചെയ്തു (15:5) അവർ സന്നിഹിതരായിരിക്കാം. ലൂക്കൊസ് *ദൈവശ്വാസീയനായ* എഴുത്തുകാരനായിരുന്നു എന്ന്, ഓർമ്മിച്ചാൽ മറ്റു വശങ്ങളിൽ, ചിന്തിക്കേണ്ടതില്ല. അടച്ച വാതിലുകൾക്കിടയിലും എന്തു നടക്കുന്നു എന്നു *ദൈവ*ത്തിനറിയാം! [3]യാചകനെ സൗഖ്യമാക്കിയ ഉദാഹരണത്തിൽ ഈ മൂന്നു സ്വഭാവ വിശേഷ തകൾ ഉണ്ട്: ഉടനെ – 3:7; പൂർണ്ണം – 4:10; ബോധ്യമാക്കുന്നു – 4:16. [4]ജെ.ഡബ്ലിയൂ.മെക്ഗാർവേ, *ന്യൂ കമന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്തൽസ്,* വാല്യം 1 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി., n.d.), 73. [5]വക്രതയുള്ള മറ്റുള്ളവരും അങ്ങനെ ആകുവാൻ താല്പര്യപ്പെടും. [6]"പിശാചിനു ഒരിഞ്ചുപോലും കൊടുക്കരുത്" എന്നതിന്റെ അർത്ഥം "കുറ ച്ചുപോലും പിശാചിനൊപ്പം പോകരുത് എന്നാണ്." നിങ്ങളുടെ പ്രദേശത്തു അളവു മറ്റേതെങ്കിലും ആണെങ്കിൽ, അതു എടുക്കാം. [7]കാലം പോയതോടെ, ഇടവകകൾ സുവി ശേഷീകരണം നിർത്തി സ്വയം സേവകരായി മാറി. ഇതു പിശാചിന്റെ ഉദ്ദേശം നിറവേറ്റുകയാണ്. ഇടവകകളുടെ പ്രവർ ത്തനം പിശാചിനെ ഒട്ടും അലോസരപ്പെടുത്തുന്നില്ല! [8]വഴങ്ങാത്ത ഒരു കുട്ടിയേയും ചിത്രീകരണത്തിനെടുക്കാം. ഈ സംഭവങ്ങൾ നടന്നതു സഭയുടെ ശൈശവ ദിശയിലാണ്. [9]"ആ കല്പന എന്താണ് ലക്ഷ്യമിട്ടത്?" എന്നു ഞാൻ ക്ലാസിൽ ചോദിച്ചപ്പോൾ, ഒരാൾ പറഞ്ഞു, "നാം ഇന്നു ഒരുപക്ഷെ ഇവിടെ ഇരുന്നു ഇങ്ങനെ പഠിക്കുമായിരുന്നില്ല!" [10]യേശുവിനെ ആളുകൾ കുടുക്കുവാൻ ശ്രമിച്ചപ്പോൾ യേശു അവർക്കു വൈഷമ്യ പ്രസ്താവന നല്കുകയായിരുന്നു. യേശുവിന്റെ ജീവിതത്തിൽ നിന്നു അതേ സാഹചര്യം നോക്കുക, മത്തായി 21:24–27.

[11]ഈ ആശയം റിച്ചാർഡ് റോജേഴ്സിന്റേതാണ്, "ദി ഫസ്റ്റ് ഓപ്പോസിഷൻ," സെർമൺ പ്രീച്ച്ഡ് അറ്റ് ദി സൺ സെറ്റ് ചർച്ച് ഓഫ് ക്രൈസ്റ്റ്, ലബോക്ക്, ടെക്സാസ്, n.d. [12]ഇബിഡ്. [13]ചിലപ്പോൾ എഴുത്തുകാർ കണ്ടെത്തിയതു പ്രഥമ കുറ്റത്തിനു കുറ്റവാളിയെ വിളിച്ചു താക്കീതു നല്കുകയാണ് പതിവ് എന്നാണ്. വേദഭാഗം വളരെ വ്യക്തമാക്കുന്നു, എങ്ങനെയായാലും, ന്യായാധിപസഭ അപ്പൊസ്തലന്മാരെ *ശിക്ഷിക്കുവാനും* അത്തരം നടപടിക്ക് മടിക്കാതിരിക്കയും ചെറിയൊരു തുമ്പു കിട്ടിയാൽ പോലും – അവർ ആളുകളെ ഭയപ്പെട്ടിരുന്നില്ല. [14]സി.എച്ച് റേയുസിന്റെ ദി ബുക്ക് ഓഫ് ആക്ട്സ് എന്നതിന്റെ തർജ്ജിമയിൽ പറയുന്നതു "അവരെ ശിക്ഷിക്കുവാൻ *ഒരൊഴികഴിവും* ഉണ്ടായിരുന്നില്ല." (എംഫസിസ് മൈൻ.) [15]അവർ പത്രൊസിനെയും യോഹന്നാനെയും ഭീഷണിപ്പെടുത്തി, പക്ഷെ പരാജയപ്പെട്ടു. പകരം, അവരാണ് ഭീഷണിയിലായത് – ജനങ്ങളാൽ. [16]ആ മനുഷ്യന്റെ പ്രായം ഊന്നിപ്പറയാൻ കാരണം (1) അവൻ ഇത്രയും നാൾ യാചകനായിരുന്നതു കൊണ്ട് മിക്കവാറും എല്ലാവർക്കും അവനെ അറിയാം, (2) അവന്റെ ശരീരത്തിനു നവീകരണം സ്വാഭാവികമായി നടക്കേണ്ട പ്രായം കഴിഞ്ഞു പോയി, (3) ഇതു അത്ഭുതം സംശയാതീതമായി തന്നെ വാസ്തവമായി തെളിയ്ക്കപ്പെട്ടു. [17]കൂടാതെ, അപ്പൊസ്തലന്മാരുടെ ശക്തിയിൽ അല്പം അങ്കലാപ്പും ന്യായാധിപ സഭയിൽ ഉള്ളവർക്കു ഉണ്ടായേക്കാം! [18]ശരിയായ കാഴ്ചപ്പാടുണ്ടെങ്കിൽ – ഇവയൊന്നും

തെറ്റല്ല. [19]ഞടഢ യിൽ "അവരുടെ സ്നേഹിതന്മാർ" എന്നാണ് ഉള്ളത്. [20]വേദഭാഗം പറയുന്നു, "*അവർ* ശബ്ദം ഉയർത്തി," ഒരുപക്ഷെ സാധാരണ നടപടി തുടർന്നിരിക്കാം: ഒരാൾ എല്ലാവരുടേയും സഹതാപത്തിനായി ശബ്ദമുയർ ത്തുന്നു, മറ്റെല്ലാവരും "ആമേൻ" എന്നു പറയും.

[21]"ഒരുമിച്ചു" എന്നതു പ്രവൃത്തികളുടെ പുസ്തകത്തിൽ ഡസൻ കണക്കിനു കാണാം.പ്രാരംഭ സഭയുടെ വളർച്ചയുടെ "രഹസ്യങ്ങളിൽ" ഒന്ന് അവയുടെ *ഐക്യത*യാ യിരുന്നു! [22]വാരെൻ ഡബ്ലിയൂ വിയേഴ്സേ, *ദി ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 416. [23]പ്രാർത്ഥന ചടങ്ങിനു പകരം പ്രതികരണം ആയിരിക്കണം ഒരേ പദ പ്രയോഗം വീണ്ടും അവർത്തിച്ചു പ്രാർത്ഥിക്കുന്നതു സൂക്ഷിക്കുക. സന്ദർഭത്തിനു യോ ജിക്കുന്നതാക്കുക പ്രാർത്ഥന. [24]"എല്ലാവരും" എന്നതിൽ ആ പുരുഷനും ഉൾപ്പെടുന്നു. മനുഷ്യർ ദൈവ ത്താൽ സൃക്ഷിക്കപ്പെടുന്നു; പ്രകൃതിദത്തമായ നടപടിയൽ ഉണ്ടായതല്ല മനുഷ്യൻ. [25]പിന്നെ, ഇപ്പോൾ, "സ്വേച്ഛാധിപതി" എന്ന വാക്ക് ലക്ഷ്യർത്ഥത്തോടെ ചുരുക്കമായിട്ടേ ദൈവവുമായുള്ള ബന്ധത്തിൽ ഉപയോഗിച്ചിട്ടുള്ളൂ. ഈ പ്രത്യേക സാഹചര്യത്തിൽ, എങ്ങനെയായാലും, ഈ അസാധാരണ വാക്ക് ഉചിതം തന്നെ. [26]NIV, RSV, മുതലായവ. മറ്റു തർജ്ജിമകൾ "യജമാനൻ" എന്നു തുടങ്ങിയ പദപ്രയോഗങ്ങളാണ് നല്കുന്നത് (ഗുഡ്സ്പീഡ്), "സകലത്തിന്റേയും നാഥൻ" (ക്നോക്സ്), അല്ലെങ്കിൽ "സർവ്വശക്തനായ ദൈവം" (നോർലീ). [27]ഇവിടെ തിരുവെഴുത്തുകളെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുന്ന സൂചന യാണ് – എന്നാൽ അവ ആവർത്തിക്കരുത്. പ്രാർത്ഥന പ്രസംഗിക്കാനുള്ള അവ സരമല്ല. [28]ദൈവശ്വാസീയതയുടെ മറ്റൊരു പ്രധാന ഭാഗമാണിത്. ജസങ്കീർത്തനങ്ങൾ 2 ആരെഴുതി എന്നു ഇതു പറയുന്നു. [29]"റേജ്" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതു ഭൂതാവിഷ്ടമായ കു തിരയെ അതിന്റെ എതിർപ്പു നോക്കാതെ, മെരുക്കുന്നതു പോലെയാണ്, അവസാനം വാഴ്ചയുടെ അച്ചടക്കത്തിനു കീഴ്പ്പെടും. [30]മിക്ക വ്യാഖ്യാതാക്കളും കരുതുന്നതു 25-ാം വാക്യത്തിലെ വാക്യ ഘടന മൂലഭാഷയായ ഗ്രീക്കിൽ തെറ്റിധാരണയുണ്ടാക്കും എന്നാണ് – പക്ഷെ അർത്ഥം വളരെ വ്യക്തമാണ്.

[31]"ഉത്തമ സങ്കീർത്തനങ്ങൾ" എന്നതു ചില സങ്കീർത്തനങ്ങളെ യിസ്രായേ ലിന്റെ സിംഹാസനവുമായ ബന്ധത്തിൽ രൂപപ്പെടുത്തിയവയാണ്. പുതിയ രാജാവിനെ അഭിഷേകം ചെയ്യുമ്പോൾ ഇവയിൽ പലതും ഉപയോഗിച്ചിരുന്നു. [32]യിസ്രായേലിൽ ദാവീദ് രാജാവായിരുന്നപ്പോൾ ഫെലിസ്ത്യർ ദേശത്തെ കീഴ്പ്പെടുത്തി. [33]ദൈവം അഭിഷേകം ചെയ്യുന്നവനെ ആക്രമിക്കുന്നതു ദൈവത്തെ ആക്രമി ക്കുന്നതിനു തുല്യമായി സങ്കീർത്തനക്കാരൻ പ്രഖ്യാപിച്ചിരുന്നു – ദൈവത്തിനെതിരായി ആരെങ്കിലും വെല്ലുവിളി ഉയർത്തിയാൽ – അതു നാശത്തിനും പരാജയത്തിനു മായിരുന്നു. അതുപോലെ അപ്പൊസ്തലന്മാരും അവരെ ആക്രമിക്കുന്നവൻ യേശുക്രിസ്തുവിനെയാണ് ആക്രമിക്കുന്നതെന്നു തിരിച്ചറിഞ്ഞിരുന്നു – അതിന്റേയും ഫലം നാശവും പരാജയവുമായി തീർന്നു! [34]KJV യിൽ "ചൈൽഡ്സ്" എന്നാണ്, എന്നാൽ മൂലഭാഷയിൽ, 25-ാം വാകൃത്തിലേതാണുളളത്, അതു KJV "ദാസൻ" എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. "ദാസൻ" എന്നതു വിശദമാക്കുന്നത് പ്രവൃത്തി 3:13, നോക്കുക. [35]യിസ്രായേൽ രാജാക്കന്മാരെ എണ്ണ പൂശി അഭഷേകം ചെയ്തതു പോലെയല്ല യേശുവിനെ അഭിഷേകം ചെയ്തത്. പിന്നെ, അവൻ സ്നാനമേറ്റപ്പോൾ

പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടു (മത്തായി 3:16, 17; പ്രവൃത്തി 10:37, 38). [36]പഴയ നിയമത്തിൽ, "പീപ്പീൾസ്" എന്നുപയോഗിച്ചതു യിസ്രായേലിന്നു ചുറ്റും വസിച്ചിരുന്ന അന്യ ദൈവങ്ങളെ സേവിച്ചിരുന്നവരെയാണ് അപ്പൊസ്തലന്മാർ "പീപ്പിൾസ്" എന്നുപറഞ്ഞത് യിസ്രായേലിനെയാണ്. അതായതു, യേശുവിനെ തള്ളിക്കളഞ്ഞപ്പോൾ, അവർക്കു ദൈവ ജനം എന്നപേർ നഷ്ടമായി; അതു അന്യ ദൈവത്തെ സേവിക്കുന്ന രാജ്യമായി തീർന്നു! [37]ലൂയിസ് ഫോസ്റ്റർ, പറയുന്നതു, *ദി NIV സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർ വാൻ പബ്ലിഷിഗ് ഹൗസ്, 1985), 1651. [38]പ്രവൃത്തി 2:23 ലെ കുറിപ്പുകൾ നോക്കുക. [39]നിങ്ങൾ ഇതു ക്ലാസിൽ പഠിപ്പിക്കയാണെങ്കിൽ വിദ്യാർത്ഥികളോട് ചോദി ക്കണം, നിങ്ങൾ പ്രാർത്ഥിക്കുന്നത് എന്തിനു വേണ്ടി എന്ന്. [40]ഇതേ പ്രാർത്ഥന, 2 രാജാക്കന്മാർ 19:14–19; യെശയ്യാവ് 37:17 എന്നീ ഭാഗ ത്തു കാണാം. "ശ്രദ്ധിച്ച് – അതുപോലെ പ്രവർത്തിക്കുക."